**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 276** **08-06-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വർദ്ധിപ്പിച്ച് നൽകണമെന്ന് മുൻ സർക്കാർ കേന്ദ്രത്തോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കടമെടുപ്പ് പരിധിയിൽ കേന്ദ്രം വർദ്ധന വരുത്തിയിരുന്നോ; വിശദമാക്കുമോ; | (എ) | കോവിഡ് മഹാമാരി സംസ്ഥാനങ്ങളുടെ സമ്പദ്‌വ്യവസ്ഥയ്ക്കും റവന്യൂ വരുമാനത്തിനും സൃഷ്ടിച്ച പ്രതികൂലാവസ്ഥ തരണം ചെയ്യുന്നതിന് കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ സംസ്ഥാനങ്ങളുടെ 2020-21 സാമ്പത്തിക വർഷത്തെ വായ്പ പരിധി GSDP യുടെ 3 ശതമാനത്തിൽ നിന്നും 5 ശതമാനമായി വർദ്ധിപ്പിച്ച നൽകിയിരുന്നു. ഈ രണ്ട് ശതമാനം അധികവായ്പയിൽ ഒരു ഭാഗം ഊർജ്ജ മേഖലയിലെ പരിഷ്കരണങ്ങൾ, ഒരു രാജ്യം ഒരു റേഷൻ കാർഡ്, വ്യാപാരം സുഗമമാക്കൽ, നഗര മേഖലയിലെ പരിഷ്കരണങ്ങൾ എന്നീ സംസ്ഥാനതല പരിഷ്കരണങ്ങൾ നടപ്പിലാക്കണമെന്ന നിബന്ധനകൾക്ക് വിധേയമായാണ് അനുവദിച്ചിരിക്കുന്നത്. പ്രസ്തുത പരിഷ്കരണങ്ങൾ ജനങ്ങളെ പ്രതികൂലമായി ബാധിക്കാത്തതരത്തിൽ നടപ്പിലാക്കികൊണ്ട് 2 ശതമാനം അധിക വായ്പ പൂർണ്ണമായും നേടിയെടുക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ 15-ാം ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ വായ്പപരിധി GSDP യുടെ 4 ശതമാനമായി നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ഇതനുസരിച്ചുള്ള 2021-22 വർഷത്തെ വായ്പപരിധി 36087 കോടി രൂപയാണ്. ഇതിൽ, 0.5% മൂലധന ചെലവിനത്തിൽ സംസ്ഥാനത്തിന് നിശ്ചയിച്ചിട്ടുള്ള ലക്ഷ്യം പൂർത്തീകരിക്കുന്ന മുറയ്ക്കാണ് ലഭ്യമാകുന്നത്. കൂടാതെ, 4% വായ്പാപിരിധിയ്ക്ക് പുറമേ 0.5% വൈദ്യുതി മേഖലയിലെ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്ന മുറയ്ക്ക് സംസ്ഥാനത്തിന് |

| | | | |
|---|---|---|---|
| | | | ലഭ്യമാകുന്നതാണെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. |
| (ബി) | എതൊക്കെ നിബന്ധനകളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി കേന്ദ്രം വർദ്ധിപ്പിച്ചത്; പ്രസ്തുത നിബന്ധനകൾ പൂർണ്ണമായും പാലിക്കുന്നതിന് സർക്കാരിന് സാധിച്ചിട്ടുണ്ടോ; | (ബി) | കോവിഡ് മഹാമാരി സംസ്ഥാനങ്ങളുടെ സമ്പദ്‌വ്യവസ്ഥയ്ക്കും റവന്യൂ വരുമാനത്തിനും സൃഷ്ടിച്ച പ്രതികൂലാവസ്ഥ തരണം ചെയ്യുന്നതിന് കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ സംസ്ഥാനങ്ങളുടെ 2020-21 സാമ്പത്തിക വർഷത്തെ വായ്പ പരിധി GSDP യുടെ 3 ശതമാനത്തിൽ നിന്നും 5 ശതമാനമായി വർദ്ധിപ്പിച്ച് നൽകിയിരുന്നു. ഈ രണ്ട് ശതമാനം അധികവായ്പയിൽ ഒരു ഭാഗം ഊർജ്ജ മേഖലയിലെ പരിഷ്കരണങ്ങൾ, ഒരു രാജ്യം ഒരു റേഷൻ കാർഡ്, വ്യാപാരം സുഗമമാക്കൽ, നഗര മേഖലയിലെ പരിഷ്കരണങ്ങൾ എന്നീ സംസ്ഥാനതല പരിഷ്കരണങ്ങൾ നടപ്പിലാക്കണമെന്ന നിബന്ധനകൾക്ക് വിധേയമായാണ് അനുവദിച്ചിരിക്കുന്നത്. പ്രസ്തുത പരിഷ്കരണങ്ങൾ ജനങ്ങളെ പ്രതികൂലമായി ബാധിക്കാത്തതരത്തിൽ നടപ്പിലാക്കികൊണ്ട് 2 ശതമാനം അധിക വായ്പ പൂർണ്ണമായും നേടിയെടുക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ 15-ാം ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ വായ്പപരിധി GSDP യുടെ 4 ശതമാനമായി നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ഇതനുസരിച്ചുള്ള 2021-22 വർഷത്തെ വായ്പപരിധി 36087 കോടി രൂപയാണ്. ഇതിൽ, 0.5% മൂലധന ചെലവിനത്തിൽ സംസ്ഥാനത്തിന് നിശ്ചയിച്ചിട്ടുള്ള ലക്ഷ്യം പൂർത്തീകരിക്കുന്ന മുറയ്ക്കാണ് ലഭ്യമാകുന്നത്. കൂടാതെ, 4% വായ്പാപിരിധിയ്ക്ക് പുറമേ 0.5% വൈദ്യുതി മേഖലയിലെ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്ന മുറയ്ക്ക് സംസ്ഥാനത്തിന് ലഭ്യമാകുന്നതാണെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. |
| (സി) | 2021-22-ൽ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധി എത്ര കോടി രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്; അറിയിക്കാമോ? | (സി) | കോവിഡ് മഹാമാരി സംസ്ഥാനങ്ങളുടെ സമ്പദ്‌വ്യവസ്ഥയ്ക്കും റവന്യൂ വരുമാനത്തിനും സൃഷ്ടിച്ച പ്രതികൂലാവസ്ഥ തരണം ചെയ്യുന്നതിന് കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ സംസ്ഥാനങ്ങളുടെ 2020-21 സാമ്പത്തിക വർഷത്തെ വായ്പ പരിധി GSDP യുടെ 3 ശതമാനത്തിൽ നിന്നും 5 ശതമാനമായി വർദ്ധിപ്പിച്ച് നൽകിയിരുന്നു. ഈ രണ്ട് ശതമാനം |

| | | | |
|---|---|---|---|
| | | | അധികവായ്പയിൽ ഒരു ഭാഗം ഊർജ്ജ മേഖലയിലെ പരിഷ്കരണങ്ങൾ, ഒരു രാജ്യം ഒരു റേഷൻ കാർഡ്, വ്യാപാരം സുഗമമാക്കൽ, നഗര മേഖലയിലെ പരിഷ്കരണങ്ങൾ എന്നീ സംസ്ഥാനതല പരിഷ്കരണങ്ങൾ നടപ്പിലാക്കണമെന്ന നിബന്ധനകൾക്ക് വിധേയമായാണ് അനുവദിച്ചിരിക്കുന്നത്. പ്രസ്തുത പരിഷ്കരണങ്ങൾ ജനങ്ങളെ പ്രതികൂലമായി ബാധിക്കാത്തതരത്തിൽ നടപ്പിലാക്കികൊണ്ട് 2 ശതമാനം അധിക വായ്പ പൂർണ്ണമായും നേടിയെടുക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ 15-ാം ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ വായ്പപരിധി GSDP യുടെ 4 ശതമാനമായി നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ഇതനുസരിച്ചുള്ള 2021-22 വർഷത്തെ വായ്പപരിധി 36087 കോടി രൂപയാണ്. ഇതിൽ, 0.5% മൂലധന ചെലവിനത്തിൽ സംസ്ഥാനത്തിന് നിശ്ചയിച്ചിട്ടുള്ള ലക്ഷ്യം പൂർത്തീകരിക്കുന്ന മുറയ്ക്കാണ് ലഭ്യമാകുന്നത്. കൂടാതെ, 4% വായ്പാപിരിധിയ്ക്ക് പുറമേ 0.5% വൈദ്യുതി മേഖലയിലെ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്ന മുറയ്ക്ക് സംസ്ഥാനത്തിന് ലഭ്യമാകുന്നതാണെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ